# സാംസ്കാരിക സംഘടനകൾക്ക് ധനസഹായം നൽകുക, സാംസ്കാരിക നയം ആവിഷ്കരിക്കുക എന്നിവ സംബന്ധിച്ച് ശുപാർശകൾ സമർപ്പിക്കുവാൻ
## കേരള സർക്കാർ നിയോഗിച്ച കമ്മിറ്റി

ശ്രീ. പി.റ്റി.തോമസ്. എം.പി. - **ചെയർമാൻ**

**അംഗങ്ങൾ**

ശ്രീ. പാലോട് രവി എം.എൽ.എ

ശ്രീ. സി.പി. മുഹമ്മദ് എം.എൽ.എ

ശ്രീ. അബ്ദുസ്സമദ് സമദാനി എം.എൽ.എ

ശ്രീ. തോമസ് ഉണ്ണിയാടൻ എം.എൽ.എ

ശ്രീ. ജോർജ് ഓണക്കൂർ

ശ്രീ. ആർ. ഗോപാലകൃഷ്ണൻ
(സെക്രട്ടറി, കേരള സാഹിത്യ അക്കാദമി)

ശ്രീ. റ്റി.പി.രാജീവൻ
(പി.ആർ.ഒ., കോഴിക്കോട് യൂണിവേഴ്സിറ്റി )

**മെമ്പർ സെക്രട്ടറി** - ഡോ. എം.ആർ. തമ്പാൻ

# സാംസ്കാരികനയം

## 1. അടിസ്ഥാനസങ്കൽപ്പനങ്ങൾ

*ആമുഖം*

1. ചരിത്രപരമായും സാമൂഹികമായും മനുഷ്യൻ ആർജിച്ച ബോധങ്ങളും അറിവുകളും വിശ്വാസങ്ങളും ആചാരങ്ങളും ധാരണകളും പ്രതീകവ്യവസ്ഥകളും ശീലങ്ങളും കഴിവുകളും ചേരുന്ന ബഹുമുഖസാകല്യത്തെയാണ് സംസ്കാരം എന്ന വാക്കുകൊണ്ട് നാം സൂചിപ്പിക്കുന്നത്.

2. കലയും വിജ്ഞാനവും മാത്രമല്ല സംസ്കാരം. ചിന്തയുടെയും ഭാവനയുടെയും കായികപ്രവർത്തനത്തിന്റെയും വഴികളിലൂടെ മനുഷ്യർ രൂപപ്പെടുത്തുന്ന ധൈഷണികവും ഭൗതികവും സൗന്ദര്യപരവുമായ നിർമാണങ്ങളുടെ ആകെത്തുകയാണത്. ജീവിതരീതികളും മൂല്യവ്യവസ്ഥയും പാരമ്പര്യവും വിശ്വാസങ്ങളും അടിസ്ഥാനാവകാശങ്ങളും ഒക്കെ അതിന്റെ പരിധിക്കകത്തുവരുന്നതാണ്. ജനതകൾ പരമ്പരാഗതമായി കൈമാറിവരുന്നതും കാലാനുസൃതമായ കൂട്ടിച്ചേർക്കലുകൾ നടക്കുന്നതുമായ സകലതും സംസ്കാരത്തിൽ സമ്മേളിക്കുന്നു. മനുഷ്യസമൂഹത്തിന്റെയോ അതിലെ തന്നെ ഏതെങ്കിലും സാമൂഹികവിഭാഗത്തിന്റെയോ സ്വഭാവവ്യതിരിക്തതയെ നിർണയിക്കുന്ന വൈകാരികവും ആത്മീയവും ധൈഷണികവും ഭൗതികവുമായ സകലതും ചേർന്നതാണ് സംസ്കാരം. സ്വയം പ്രതിഫലിപ്പിക്കാനുള്ള മനുഷ്യസിദ്ധിയാകെ സംസ്കാരത്തിൽ വേരൂന്നിനിൽക്കുന്നു. യുക്തിവിചാരവും നിരൂപണബുദ്ധിയും ഭാവനാശേഷിയും മൂല്യവിചാരശേഷിയുമുള്ള ധാർമികമനുഷ്യൻ രൂപപ്പെടുന്നത് സംസ്കാരത്തിൽ വേരുറപ്പിച്ചുകൊണ്ടാണ്.

3. ആത്യന്തികമായി സമാധാനമെന്ന മൂല്യത്തെയാണ് സംസ്കാരം ലക്ഷ്യമിടുന്നത്. സമകാലികമായ ഒരു സാംസ്കാരികനയം ഊന്നേണ്ടത് സമാധാനവും സമത്വബോധവും സാഹോദര്യവുമുള്ള ഒരു മതേതരജനാധിപത്യ സാംസ്കാരികാവസ്ഥ രൂപപ്പെടുത്തുന്നതിനാകണം. സമാധാനപരമായ സാംസ്കാരികനയം ലക്ഷ്യമാക്കുക എന്നതിനർഥം മാനുഷികബന്ധങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഘർഷങ്ങളെ പരമ്പരാഗതസമാധാനമൂല്യങ്ങളിലൂന്നിയ അഹിംസാത്മകമാർഗങ്ങളിലൂടെ പരിഹരിക്കുമെന്ന് ഉറപ്പുവരുത്തുക എന്നാണ്.

4. വർത്തമാനകാലമനുഷ്യൻ മാനസിക പിരിമുറുക്കത്തിന്റെയും സംഘർഷങ്ങളുടെയും ഹിംസയുടെയും ശൈഥില്യങ്ങളുടെയും നടുവിലാണ്. സമൂഹത്തിൽ വളർന്നുകൊണ്ടിരിക്കുന്ന അധാർമിക ഉപഭോഗ സംസ്കാരമാണ്

ഇതിന്റെ പ്രധാന ഹേതുക്കളിലൊന്ന്. സംസ്കാരത്തിന്റെ മേഖലയിലുള്ള കരുതലും ആസൂത്രണവും ഈ സാഹചര്യത്തിൽ അനിവാര്യമാണ്.

5. സാംസ്കാരികമായ വൈവിധ്യങ്ങൾ സമ്മേളിച്ചിട്ടുള്ള കേരളംപോലെയുള്ള നാട്ടിൽ വിഭിന്ന സംസ്കാരങ്ങൾ തമ്മിൽ അർഥപൂർണമായ സഹവർത്തിത്വവും സ്വരലയവും കണ്ടെത്തി സമാധാനപരമായി ജീവിക്കുവാൻ, ആളുകൾക്ക് കഴിയേണ്ടതുണ്ട്. നമ്മുടെ ചിന്തകളെയും മൂല്യധാരണകളെയും ഇച്ഛാശക്തിയെയും സിദ്ധികളെയുമൊക്കെ രൂപാന്തരപ്പെടുത്തിയെടുക്കുന്ന ഒരു യത്നം സമാധാനത്തിനാവശ്യമാണ്. നിർദിഷ്ട സാംസ്കാരികനയം ഈ ദിശയിലുള്ള സാംസ്കാരികരൂപങ്ങളെയും ചിന്തകളെയും മൂല്യബോധത്തെയും സമാധാനകാംക്ഷകളെയും പ്രോത്സാഹിപ്പിക്കുവാനും ശക്തിപ്പെടുത്തുവാനും ഉദ്ദേശിച്ചുള്ളതാണ്.

## സംസ്കാരവും വികസനവും

6. സംസ്കാരം പുരോഗതിയുടെ നിർണായകമായ ഭാഗമാണ്. ശ്രദ്ധാപൂർണമായ പരിചരണവും നിക്ഷേപവും അത് ആവശ്യപ്പെടുന്നുണ്ട്. കേരള സർക്കാർ കാലാകാലങ്ങളിൽ വികസനത്തിനായി ഭീമമായ തുകകൾ ചെലവഴിച്ചിട്ടുണ്ടെങ്കിലും സാംസ്കാരിക വികാസത്തിനായി നടത്തിയിട്ടുള്ള നിക്ഷേപങ്ങൾ വിപുലമായ സാമൂഹികാവശ്യങ്ങൾക്കും അതിനുള്ള പ്രാധാന്യത്തിനും പര്യാപ്തമാണെന്നു പറഞ്ഞുകൂടാ. സാമ്പത്തികവും സാങ്കേതികവും സാമൂഹികവുമായ വികസനം സാംസ്കാരികമുന്നേറ്റത്തോട് തോളൊത്തു നീങ്ങേണ്ടതുണ്ട്.

7. വികസനത്തിന്റെ സാംസ്കാരികമാനങ്ങൾ കൂടുതൽ പ്രാധാന്യം കൈവരിക്കുകയും ശക്തിപ്പെടുകയും ചെയ്യേണ്ടതുണ്ട്. ആധുനികകാലത്ത് പ്രാബല്യം കൈവരിച്ച ഒരു മാതൃകയിലധിഷ്ഠിതമായ ആധുനികവൽക്കരണത്തെ അടിസ്ഥാനപ്പെടുത്തി വികസനത്തെ മനസ്സിലാക്കുവാനുള്ള പ്രവണതയാണ് പൊതുവിലുള്ളത്. യഥാർഥത്തിൽ സംസ്കാരവൈവിധ്യങ്ങളെയും സംസ്കാരത്തിന്റെ ബഹുസ്വരതയെയും കണക്കിലെടുക്കുന്നത്, അതായത്, വ്യത്യസ്തങ്ങളായ ജീവിതരീതികളെയും വിശ്വാസങ്ങളെയും മൂല്യവ്യവസ്ഥകളെയും പ്രത്യയശാസ്ത്രങ്ങളെയുമൊക്കെ മനസ്സിലാക്കുന്നതും വ്യത്യസ്ത സാമൂഹികവിഭാഗങ്ങൾക്ക് അവരുടെ ജീവിതലക്ഷ്യങ്ങൾ കൈവരിക്കാൻ സഹായിക്കുന്നതുമായ വീക്ഷണത്തിൽ വികസനത്തെ മനസ്സിലാക്കേണ്ടതുണ്ട്. ആധുനികവൽക്കരണമെന്നാൽ പ്രത്യേക ജീവിത മാതൃകയുടെ യാന്ത്രികാനുകരണം മാത്രമായിപ്പോകരുത്. വികസനസങ്കൽപ്പനങ്ങൾ ആഴത്തിൽ നിരൂപണവിധേയമാവുകയും പുനർനിർവചിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. വികസനത്തിന്റെ അടിസ്ഥാനസങ്കൽപ്പനങ്ങളെ സംസ്കാരത്തിന്റെ അടിസ്ഥാനശിലകളുമായി ബന്ധപ്പെടുത്തുവാൻ കഴിയണം. ഭൂമിശാസ്ത്ര

പരവും പാരിസ്ഥിതികവുമായ ഘടകങ്ങളെയും ചരിത്രപാരമ്പര്യങ്ങളെയും നൈപുണികളെയും എല്ലാം പ്രാദേശികവും സാന്ദർഭികവും സാമൂഹികവുമായ അതാതിന്റെ പ്രാധാന്യത്തെ മാനിച്ചുകൊണ്ടുള്ളതാകണം. ജീവിതത്തിന്റെ കലാപരവും സൗന്ദര്യശാസ്ത്രപരവുമായ മാനങ്ങളെ പൂർണമായും തിരിച്ചറിയുന്നതാകണം. വികസനത്തിൽ ഭാഗഭാക്കാവുന്നവരും ഗുണഭോക്താക്കളാകുന്നവരുമായ ജനങ്ങളുടെ താൽപ്പര്യങ്ങൾക്ക് പരമമായ പ്രാധാന്യം നൽകിയെങ്കിലേ അർഥപൂർണമായ കാര്യപരിപാടികൾ രൂപകൽപ്പന ചെയ്യാനും ഫലപ്രദമായി നടപ്പിലാക്കാനും കഴിയുകയുള്ളൂ. സുസ്ഥിരമായ വികസനത്തിൽ പങ്കാളിയാകാനും പുതുമയുള്ള ആശയങ്ങളും സങ്കൽപ്പങ്ങളും നൽകി അവയെ പ്രചോദിപ്പിക്കാനുമുള്ള ഊർജം ലഭിക്കുന്നത് സംസ്കാരത്തിൽനിന്നാണെന്ന വസ്തുത ശ്രദ്ധേയമാണ്.

8. മൗലികമായ വികസനത്തിന് സമാധാനത്തിലും സാഹോദര്യത്തിലും ഊന്നിയ ഉയർന്ന ജനാധിപത്യ സാംസ്കാരികാന്തരീക്ഷം അനിവാര്യമാണ്. സാംസ്കാരികപ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നിർവഹണത്തിലും സാമ്പത്തികസഹായത്തിലും സമൂഹം ഒന്നുചേർന്ന് പരിശ്രമിക്കേണ്ടതുണ്ട്.

9. വികസനപ്രക്രിയയുടെ അടിസ്ഥാനഘടകങ്ങൾ രൂപപ്പെടുത്തുന്നത് സംസ്കാരമാണ്. പുരോഗതിയെക്കുറിച്ചുള്ള വിചാരം മിക്കപ്പോഴും ഭൗതികവും ഗുണപരവുമാണ്. മനുഷ്യന്റെ ആത്മീയവും സാംസ്കാരികവുമായ അഭിരുചികളെ തൃപ്തിപ്പെടുത്തുകയെന്ന ഗുണപരമായ കാര്യങ്ങൾ അവഗണിക്കപ്പെടുന്നു. മൗലികവികസനത്തിന്റെ ലക്ഷ്യം ഓരോ വ്യക്തിയുടെയും സുസ്ഥിരമായ ജീവിതസുഖവും സമഗ്രമായ സംതൃപ്തിയുമാണ്.

10. സംസ്കാരം ജനസാകല്യത്തിൽനിന്ന് വികസിക്കുന്നതും അവരിലേക്കുതന്നെ തിരിച്ചെത്തേണ്ടതുമാണ്. അവസരസമത്വത്തിലൂടെ മുഴുവൻ സമൂഹത്തിന്റെയും മുഴുവൻ ജനങ്ങളുടെയും കലാവൈദഗ്ധ്യത്തിന്റെ ആസ്വാദനപരവും ആവിഷ്കാരപരവുമായ പൂർത്തീകരണം സാധ്യമാക്കുന്നതായിരിക്കണം സാംസ്കാരികനയം.

## സംസ്കാരവും ദേശീയതയും

11. ചരിത്രപരമായ സാഹചര്യങ്ങളിൽനിന്ന് സാമൂഹികമായ ആദാനപ്രദാനങ്ങളിലൂടെ രൂപപ്പെട്ടതും അതിന്റെ ഫലമായി പാരമ്പര്യത്തിലധിഷ്ഠിതവുമായ ദേശീയസ്വത്വത്തെ ഉദാരവീക്ഷണത്തോടെ തിരിച്ചറിയുന്നതിനും ഉദ്ഗ്രഥിക്കുന്നതിനും ഉറപ്പിക്കുന്നതിനുമുള്ള മർമപ്രധാനമായ ഉപാധിയാണ് സംസ്കാരം. ഇന്ത്യയിൽ പൊതുവിലെന്ന പോലെ കേരളത്തിലും വ്യത്യസ്ത മതങ്ങളും ജാതികളും ഭാഷകളും വർഗങ്ങളും ഗോത്രങ്ങളും പാരമ്പര്യങ്ങളും സംസ്കൃതികളും പുലരുന്നു. അവയുടെ പാരസ്പര്യത്തിലൂടെ രൂപ

പ്പെടുകയും ചലിക്കുകയും ചെയ്യുന്ന ദേശീയസ്വത്വത്തെ നവീകരിക്കുന്നതിനും പുഷ്ടിപ്പെടുത്തുന്നതിനുമുള്ള പരിശ്രമങ്ങളിൽനിന്ന് ജനാധിപത്യ ഗവൺമെന്റിന് ഒഴിഞ്ഞുനിൽക്കാനാവില്ല. ബഹുതയുടെ സാംസ്കാരിക തനിമകളെ, സഹിഷ്ണുതയോടെ ഉൾക്കൊണ്ട് ബഹുമാനിക്കാനും സാനന്ദം അംഗീകരിക്കാനും ശീലിക്കുന്നതിന് ഊന്നൽ നൽകേണ്ടതുണ്ട്. ഏതൊരാളുടേയും സാംസ്കാരികസ്വത്വത്തെയും സാംസ്കാരികപാരമ്പര്യത്തെയും അംഗീകരിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം സമകാലാവശ്യങ്ങളെ മനസ്സിലാക്കി വികസിക്കാനും രൂപാന്തരപ്പെടാനും സഹായകമായ അന്തരീക്ഷം സംജാതമാക്കുകയും വേണം. വൈവിധ്യമാർന്ന സാംസ്കാരികസവിശേഷതകളെ തുല്യമായി ആദരിക്കുന്ന സാംസ്കാരികനയം നമുക്കാവശ്യമുണ്ട്. സാംസ്കാരികവൈജാത്യങ്ങൾ പരസ്പരപൂരകമായി ഒത്തുചേർന്നു നിൽക്കുകയെന്നത് വികസിക്കുന്ന ഒരു ജനതയെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരമായ ആവശ്യമാണ്. പുരോഗതിക്ക് ഊർജം നൽകാൻ ഇത് അനിവാര്യമാണ്.

12. സൗന്ദര്യമൂല്യങ്ങൾ, ചാരുത, അന്തസ്സിന്റെയും ചിന്താശുദ്ധിയുടെയും ആദർശങ്ങളുടെയും വികാരങ്ങളുടെയും ധാർമികതയുടെയും മഹിമ, സൂക്ഷ്മവും സങ്കീർണവുമായ തലങ്ങൾ- ഇവയെല്ലാം ആദരിക്കപ്പെടുന്നിടത്തേ സംസ്കാരം പ്രഫുല്ലവും സമ്പന്നവുമായിത്തീരുകയുള്ളു. സൗന്ദര്യമൂല്യങ്ങൾക്കും ശാസ്ത്രീയബോധത്തിനും തമ്മിലും പാരമ്പര്യത്തിനും സർഗാത്മകതയ്ക്കും തമ്മിലും ഉള്ളത് പാരസ്പര്യമാണ്; വൈരുധ്യമല്ല. ഇത്തരത്തിൽ പരസ്പരപൂരകമായി സാമൂഹ്യസമഗ്രതയെ മനസ്സിലാക്കുന്ന സമീപനത്തിനാണ് ഗവൺമെന്റ് ഊന്നൽ കൊടുക്കുന്നത്.

13. ഈ സാഹചര്യത്തിൽ, സംസ്കാരത്തിന്റെ പ്രാധാന്യം വ്യക്തമായി നിർവചിക്കുക, ഇടപെടൽ ആവശ്യമായ അതിന്റെ മേഖലകളെ നിർണയിക്കുക, സർക്കാരിന്റെ കർമവും ധർമവും തിട്ടപ്പെടുത്തുകയും പരിഷ്കരിക്കുകയും ചെയ്യുക, സമൂഹത്തിന്റെയും സന്നദ്ധസംഘങ്ങളുടെയും പരിശ്രമങ്ങളെ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുക തുടങ്ങിയവ പ്രസക്തമാണ്.

14. കേരളത്തിന് സമൃദ്ധവും സവിശേഷവുമായ സാംസ്കാരികത്തനിമകളും പാരമ്പര്യങ്ങളുമുണ്ട്. പൗരജീവിതത്തിന്റെ സൂക്ഷ്മാംശങ്ങളിൽപ്പോലും കുടികൊള്ളുന്നതും സമൂഹത്തിന്റെ സമസ്തമേഖലകളിലും ഉൾച്ചേർത്തിരിക്കുന്നതും അടയാളപ്പെടുത്തുന്നതുമാണ് അവ. സംസ്കാരത്തിന്റെ ആന്തരികമൂല്യങ്ങൾ നിർണായകരൂപങ്ങളായി വികസിച്ചുവരാൻ പ്രായോഗിക സാഹചര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ഈ ഉദ്ദേശ്യങ്ങൾ ഉൾക്കൊണ്ടാണ് സാംസ്കാരികനയം രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചത്.

15. വർഗവർണജാതിവിവേചനമില്ലാതെ ജനങ്ങൾക്ക് കൂടുതൽ തൃപ്തികരമായവിധം സംസ്കാരജീവിതത്തിൽ പങ്കാളികളാകാനും സ്വയം ആവിഷ്കരി

ക്കാനുമുള്ള സാഹചര്യങ്ങൾ കണ്ടെത്താനും ഒരുക്കിക്കൊടുക്കാനും ഈ നയം സഹായകമാവും. ജീവിതത്തിൽ ഗുണകരമായ മൂല്യങ്ങൾ വളർത്താനുതകുന്ന തരത്തിൽ സർഗാവിഷ്കാരങ്ങളിൽ മുഴുകാൻ, പ്രത്യേകിച്ച് യുവജനങ്ങൾക്ക് അവസരമുണ്ടാക്കാനും അതിനെക്കുറിച്ച് അവരെ ബോധ്യപ്പെടുത്താനും അതിനുതകുന്ന പ്രവർത്തനപദ്ധതികൾ കണ്ടെത്തി നടപ്പിലാക്കാനും ഈ നയം തുണയാകും. ശാന്തി, സമാധാനം, അഹിംസ, സമഭാവന, ഐക്യം, സൗഹാർദം, ജീവിതാന്തസ്സ്, നീതി, നിയമവാഴ്ച, ജനാധിപത്യം, മതേതരത്വം, ബഹുതാവാദം, സാഹോദര്യം, തുല്യത തുടങ്ങിയ മഹത്തായ മൂല്യങ്ങളെ മൂർത്തമായി ആവിഷ്കരിക്കാനുതകുന്ന സർഗാത്മകതയുടെ വ്യത്യസ്ത രൂപങ്ങൾ വികസിപ്പിക്കാനുള്ള പദ്ധതികൾ ഈ നയം വിഭാവനം ചെയ്യുന്നു.

## സംസ്കാരവും വിദ്യാഭ്യാസവും

16. വിദ്യാഭ്യാസവും ശാസ്ത്രവും കലയുമായി സംസ്കാരം വളരെ അടുത്തു ബന്ധപ്പെട്ടിരിക്കുന്നു. സമൂഹത്തിന്റെ സമഗ്രവികസനം ഈ മണ്ഡലങ്ങളുടെ പരസ്പരപൂരകമായ ബന്ധം ആവശ്യപ്പെടുന്നുണ്ട്. സമൂഹത്തിന്റെ സാങ്കേതികപുരോഗതിയും ധൈഷണികവും ധാർമികവുമായ മുന്നേറ്റവും തമ്മിൽ പരസ്പരമിണങ്ങുന്ന അവസ്ഥ സംജാതമാക്കാൻ ഇത് അനുപേക്ഷണീയമാണ്. ദേശീയവും അന്തർദേശീയവുമായ സാംസ്കാരികമൂല്യങ്ങളെ കൈമാറാനും ഓരോ വ്യക്തിയുടെയും കഴിവുകൾക്കും മൂല്യങ്ങൾക്കും ഒട്ടും ഇടിവുതട്ടാതെ ശാസ്ത്രീയവും സാങ്കേതികവുമായ ജ്ഞാനങ്ങളെ സമരസപ്പെടുത്താനുമാണ് വിദ്യാഭ്യാസത്തിലൂടെ ആത്യന്തികമായി പരിശ്രമിക്കുന്നത്. സാംസ്കാരികവകുപ്പ്, വിദ്യാഭ്യാസവകുപ്പ്, ശാസ്ത്രസാങ്കേതികവകുപ്പ്, വ്യവസായവകുപ്പ് എന്നിവയുടെ പരസ്പരപൂരകമായ പ്രവർത്തനത്തിലൂടെ മാത്രമേ ഇതു സാധ്യമാവുകയുള്ളൂ. സമത്വം, സാഹോദര്യം തുടങ്ങിയ ജനാധിപത്യമൂല്യങ്ങളും ധാർമികമൂല്യങ്ങളും സമന്വയിപ്പിക്കാനുള്ള യത്നങ്ങളാണ് ഉണ്ടാവേണ്ടത്.

17. ദേശീയവിദ്യാഭ്യാസനയവുമായി ചേർന്ന് സാംസ്കാരികബഹുതയെ മാനിക്കുന്നതും മനസ്സിലുറപ്പിക്കുന്നതിനുതകുന്നതുമായ പാഠങ്ങൾ ഉൾച്ചേർക്കാനും പുഷ്ടിപ്പെടുത്താനും ഈ നയം ലക്ഷ്യമാക്കുന്നു. പ്രൈമറി - സെക്കണ്ടറി തലങ്ങളിൽ പഠിച്ചുവരുന്ന ഏതൊരു വിദ്യാർഥിയും കേരളത്തിന്റെയും പൊതുവിൽ ഇന്ത്യയുടെയും സാംസ്കാരികപാരമ്പര്യത്തെക്കുറിച്ച് അറിവുള്ളവരായിത്തീരാൻ സഹായകമായ രീതിയിൽ പഠനപദ്ധതി ക്രമീകരിക്കുന്നതാണ്. പുതുതലമുറയിൽ സംസ്കൃതികളോടും സൗന്ദര്യത്തോടും ജനാധിപത്യസംസ്കാരത്തോടും ആഭിമുഖ്യം വളർന്നുവരാൻ ഇതു സഹായിക്കും. സത്യം, സൗന്ദര്യം, ആത്മാർഥത, മനുഷ്യരോടും ഇതരജീവികളോടും പ്രകൃതിയോടുമുള്ള ആദരം തുടങ്ങിയ മൂല്യങ്ങൾ വളർത്തുന്ന പാഠഭാഗങ്ങൾക്കു

പ്രാധാന്യം നൽകും. വിദ്വേഷവും സ്പർധയും വിഭാഗീയതയും വർഗീയതയും വളർത്താനുള്ള ശ്രമങ്ങൾക്കെതിരായ നിതാന്ത ജാഗ്രത ഈ രംഗത്ത് ആവശ്യമായിട്ടുണ്ട്. ഭിന്ന സംസ്കാരങ്ങളും ചിന്താ-ജീവിത രീതികളും അവഹേളിക്കപ്പെടുന്ന യാതൊരുവിധ സാഹചര്യവും ഉണ്ടായിക്കൂടാ. ഭിന്നസംസ്കൃതികളെ അറിയാനും അറിയിക്കാനുമുള്ള ആധുനികവിവേകമാണ് പുതിയ തലമുറയിലേക്ക് പകരേണ്ടത്.

18. സാംസ്കാരികനയത്തിനു രൂപം നൽകുമ്പോൾ ഇന്ന് ലോകത്തുണ്ടായിക്കൊണ്ടിരിക്കുന്ന സംഭവവികാസങ്ങളെ കണക്കിലെടുക്കേണ്ടതുണ്ട്. സംസ്കാരത്തെ ഇന്ന് 'സോഫ്റ്റ് പവർ' എന്നാണ് വിശേഷിപ്പിച്ചുവരുന്നത്. സംസ്കാരത്തിന്റെ ഊർജത്തെക്കുറിച്ചുള്ള ധാരണയാണ് ഇവിടെ പ്രകടമാകുന്നത്. സാമ്പത്തികാധികാരം, രാഷ്ട്രീയാധികാരം എന്നിവയെപ്പോലെ പ്രയോജനപ്പെടുത്താവുന്നതും ജനതകൾക്ക് അവരുടെ സാന്നിധ്യം ചരിത്രത്തിൽ അടയാളപ്പെടുത്താൻ സഹായിക്കുന്നതുമാകണമത്. അതുകൊണ്ടുതന്നെ സാംസ്കാരികനയം വർത്തമാനകാലത്തെ ആവശ്യങ്ങളെ സംബോധന ചെയ്യാൻ കെൽപ്പുള്ളതാകണം. ഇതര സംസ്കാരങ്ങളെയും ജനതകളെയും ആദരവോടെ സമീപിക്കാൻ സഹായിക്കുന്ന പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിക്കാനും ഈ നയം ശ്രദ്ധ ചെലുത്തുന്നു.

## 2. ലക്ഷ്യങ്ങൾ

1. വൈവിധ്യപൂർണമായ നമ്മുടെ സംസ്കാരത്തെ സംരക്ഷിച്ച് പുഷ്ടിപ്പെടുത്താനും പ്രോത്സാഹിപ്പിക്കാനുമുള്ള ഉത്തരവാദിത്വം ഈ സർക്കാർ ഏറ്റെടുക്കുന്നു. സാഹിത്യം, പ്രകടനകല, ദൃശ്യകല, നാടോടിക്കല, ഗോത്രകല എന്നിവയോടൊപ്പം പ്രഗത്ഭരും അപ്രഗത്ഭരുമായ ഏതൊരാളുടെയും സമുദായങ്ങളുടെയും കലാപരമായ ആവിഷ്കാരരൂപങ്ങൾക്ക് വേണ്ട ശ്രദ്ധയും പരിഗണനയും ലഭിച്ചിരിക്കും.

2. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും സാംസ്കാരികഘടകങ്ങളെയും സമമായി പരിഗണിക്കുന്നതായിരിക്കണം ഈ സംസ്ഥാനത്തിന്റെ സാംസ്കാരികനയം. ആദിവാസി ഊരുകളെയും നഗരങ്ങളെയും ഗ്രാമങ്ങളെയും എന്നല്ല, എല്ലാ സമുദായങ്ങളെയും ജാതിമതവംശഗോത്രവർഗങ്ങളെയും തുല്യ പരിഗണനയോടെ സമീപിച്ചാലേ സമഗ്രവും സന്തുലിതവുമായ സാംസ്കാരികാഭിവൃദ്ധി സാധ്യമാവൂ. നമ്മുടെ സംസ്കാരത്തിന് വിവിധ സാമൂഹികവിഭാഗങ്ങൾ നൽകിയിട്ടുള്ള നിർണായകസംഭാവനകളും അവയുടെ ആത്യന്തികമൂല്യങ്ങളും മാനവീകരണത്തിന് അവ പ്രദാനം ചെയ്ത ആദർശാശയങ്ങളുമെല്ലാം അർഹിക്കുന്ന പ്രാധാന്യത്തോടെ വിനിമയം ചെയ്യപ്പെടേണ്ടതുണ്ട്. സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്ന പരിപാടികളിൽ വർണ-ജാതി-വർഗ-ലിംഗ-ഭാഷാവിവേചനങ്ങൾ ഒരു കാരണവശാലും കലർന്നു

കൂടുന്ന സാംസ്കാരികസാഹോദര്യത്തെ ഉലയ്ക്കുന്ന തരത്തിൽ സാംസ്കാരികമൗലികവാദങ്ങൾ വളർന്നുവരാനുള്ള സാഹചര്യങ്ങൾ പൂർണമായും ഇല്ലാതാക്കണം.

3. സംസ്കാരത്തിന്റെ സംരക്ഷണവും പ്രോത്സാഹനവും ചിട്ടപ്പെടുത്തുന്നത് സംസ്ഥാനത്തിന്റെയും രാഷ്ട്രത്തിന്റെയും ഐക്യത്തിനും അഖണ്ഡതയ്ക്കും പിൻബലമേകുന്ന വിധത്തിൽ അവയുടെ ചൈതന്യമുൾക്കൊണ്ടായിരിക്കണം. ശാന്തവും സമാധാനപൂർണവുമായ സഹവർത്തിത്വത്തിന്റെയും ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും സാമൂഹികനീതിയുടെയും സമത്വത്തിന്റെയും ആശയാദർശങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. ധാർമികമായ കാഴ്ചപ്പാടും ജനാധിപത്യപരമായ മാനുഷികമൂല്യങ്ങളും സംസ്കാരത്തിൽ ലയിച്ചുചേരേണ്ടതുണ്ട്. സംസ്കാര സംരക്ഷണപ്രോത്സാഹനനയങ്ങളിൽ ഓരോന്നിലും കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക ബഹുത്വം തിരിച്ചറിയപ്പെടേണ്ടതും പരിഗണിക്കപ്പെടേണ്ടതുമാണ്. ഏകപക്ഷീയതയുടെയോ ഏകപ്രത്യയശാസ്ത്രത്തിന്റെയോ മേൽക്കോയ്മ ഉണ്ടാവുന്ന ഒറ്റ അവസരം പോലും അനുവദിച്ചുകൂടാ. സാമൂഹികൈക്യത്തിന്റെ വിശാലപരിധിക്കുള്ളിൽനിന്നുകൊണ്ടുള്ള സ്വതന്ത്ര സമീപനത്തിലേർപ്പെടാൻ സാംസ്കാരികവൈവിധ്യങ്ങളെ അനുവദിക്കേണ്ടതുണ്ട്. സമൂഹത്തിലെ ഏതെങ്കിലും വിഭാഗമോ സമുദായമോ സാംസ്കാരികവളർച്ചയുടെ ധാരയിൽനിന്ന് ഒഴിച്ചുനിർത്തപ്പെടാത്തവിധം ഓരോ വിഭാഗത്തിനും അതിൽ പങ്കുണ്ടെന്ന് ബോധ്യപ്പെടുത്തുന്ന ഒരു സമഗ്രവീക്ഷണം ആവശ്യമാണ്. ന്യൂനപക്ഷങ്ങളുടെയും ദുർബലവിഭാഗങ്ങളുടെയും സാംസ്കാരികസംഭാവനകളെ ആദരപൂർവം പരിഗണിച്ച് പ്രോത്സാഹിപ്പിക്കുന്നതിന് പ്രാധാന്യം നൽകണം. പാർശ്വവൽക്കരിക്കപ്പെട്ട സമൂഹമുൾപ്പെടെ നഗരത്തിലും ഗ്രാമത്തിലുമുള്ള പൗരന്മാർക്ക് പ്രഥമ പരിഗണനയോടെ കൂടുതൽ അവസരങ്ങൾ നൽകുന്നതിനുള്ള മൂർത്തമായ നടപടികൾ ഉണ്ടാവണം.

4. സമൂഹത്തിലെ മുഖ്യധാരയിലും അതിനു പുറത്തുമുള്ള വിഭാഗങ്ങളെ കൂട്ടിച്ചേർത്ത് വ്യത്യസ്ത കലാവിഷയങ്ങൾ തമ്മിലുള്ള ഇടപെടലുകളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ജനങ്ങൾക്ക് വലിയതോതിൽ തുറന്ന മനസ്സും ശക്തിയും നൽകുന്ന വിധത്തിൽ സാംസ്കാരികരൂപങ്ങളുടെ നിരന്തരമായ ഒഴുക്കുണ്ടാക്കി അവരുടെ കലാപ്രവർത്തനങ്ങളെയും സർഗാത്മകതയെയും ശക്തിപ്പെടുത്തേണ്ടതാണ്.

5. നമ്മുടെ സാംസ്കാരികപൈതൃകത്തെ പുഷ്ടിപ്പെടുത്തുന്ന കളരികളും ഗുരുകുലങ്ങളും സംരക്ഷിക്കണം.

6. പാരമ്പര്യസംരക്ഷണത്തിൽ മുഴുകുമ്പോൾത്തന്നെ സംസ്കാരനവീകരണത്തിനായി പുതിയ ആശയങ്ങളെയും ആവിഷ്കാരരൂപങ്ങളെയും മൗലിക

മായ പുനർസൃഷ്ടികളെയും പരീക്ഷണങ്ങളെയും പ്രോത്സാഹിപ്പിക്കണം. സിനിമ, ഫോട്ടോഗ്രാഫി, സമകാലീന വാസ്തുവിദ്യ തുടങ്ങിയവ അത്തരം പുതുസംസ്കാരരൂപങ്ങൾക്കുദാഹരണമാണ്. പാരമ്പര്യവും നവീനതയും തമ്മിലുള്ള ചലനാത്മകമായ ബന്ധങ്ങളെ വിലയിരുത്തുന്നതാണ്.

7. വിദ്യാഭ്യാസവും ബഹുജനമാധ്യമങ്ങളും സമൂഹത്തിൽ നിർണായകപങ്കുള്ളവയായതിനാൽ സാംസ്കാരികമൂല്യങ്ങളുടെ വ്യാപനത്തിൽ അതിപ്രധാനമായവയാണ്. ഈ നയം സാംസ്കാരികമണ്ഡലത്തിൽ വിദ്യാഭ്യാസത്തിന്റെയും മാധ്യമങ്ങളുടെയും ഗുണാത്മകമായ പരിണതഫലങ്ങൾക്ക് ഊന്നൽ നൽകുന്നു. സാംസ്കാരികഘടകങ്ങളെ അവ ആഴമുള്ളതും ശക്തിമത്തുമാക്കണം. ഉപഭോഗതൃഷ്ണയും വികലമായ രാഷ്ട്രീയവും വർഗീയതയും കൊണ്ട് മലിനമാകാതെ സംസ്കാരത്തെ പരിപോഷിപ്പിക്കേണ്ടതാണ്.

8. ഉദ്ഗ്രഥിതമായ സാംസ്കാരികവിദ്യാഭ്യാസത്തിന് ഈ നയം ഊന്നൽ നൽകുന്നു. സംസ്കാരം, വിദ്യാഭ്യാസം, യുവജനകാര്യം, സ്പോർട്സ്, വിവരസാങ്കേതികം എന്നീ വകുപ്പുകൾ ഇതിനായി ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതാണ്.

9. ഈ പ്രവർത്തനം ഒരു തുടർ പ്രക്രിയയായതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഔദ്യോഗികവും അനൗദ്യോഗികവുമായ എല്ലാ ഏജൻസികളും വഴി ജനകീയപങ്കാളിത്തം ഉറപ്പു വരുത്തേണ്ടതുണ്ട്.

10. നിലവിലുള്ള സർഗാവിഷ്കാര മാതൃകകളെ സംരക്ഷിക്കാനും പുതിയവയെ പ്രോത്സാഹിപ്പിക്കാനും ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കേണ്ടതാണ്.

11. സാംസ്കാരികസ്ഥാപനങ്ങൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ എല്ലാ പ്രദേശങ്ങളിലും കടന്നു ചെല്ലുന്നില്ല. ഇത് പരിഹരിക്കാനായി സാംസ്കാരികകേന്ദ്രങ്ങൾ ഇനിയും ഉണ്ടാകേണ്ടതുണ്ട്. വികേന്ദ്രീകരണത്തെയും ജനപങ്കാളിത്തത്തെയും വിപുലീകരിക്കുന്നതാവണം അവ.

12. സാമൂഹ്യമാറ്റത്തിന്റെയും സാമൂഹ്യവിപ്ലവത്തിന്റെയും സദ്ഫലങ്ങൾ വ്യാപാരശക്തികളുടെയും ആഗോളീകരണത്തിന്റെയും കടന്നുകയറ്റത്തിന്റെ ഫലമായി നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. ക്ലാസിക്കൽ, നാടോടി, ഗോത്രവർഗ, ഗ്രാമീണകലാരൂപങ്ങളെയും സാംസ്കാരികപാരമ്പര്യത്തിൽപ്പെട്ട അപൂർവജനുസ്സുകളെയും രേഖപ്പെടുത്തി സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ഈ നയം ഉൾക്കൊള്ളുന്നു. ഇതരവകുപ്പുകളുടെ സഹകരണത്തോടെ പുരാരേഖകൾ, സ്മാരകങ്ങൾ, ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, പുരാവസ്തുക്കൾ, കലാശേഖരങ്ങൾ, സ്വകാര്യ-പൊതു രേഖകൾ എന്നി

ങ്ങനെ സാംസ്കാരികമോ കലാപരമോ ആയി പ്രാധാന്യമുള്ള വസ്തുക്കൾ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

13. സംസ്കാരപോഷണത്തിന് സർക്കാർ സംവിധാനങ്ങളോടൊപ്പം വർധിച്ച ജനപങ്കാളിത്തം കൂടി ഉറപ്പുവരുത്തേണ്ടതാണ്. സംസ്ഥാനത്തെ വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് ഇത് സാധ്യമാക്കും. വികേന്ദ്രീകരണം സംസ്കാരപോഷണത്തിന് മർമപ്രധാനമാകയാൽ വ്യക്തികൾ, സന്നദ്ധസംഘടനകൾ, സഹകരണമേഖല തുടങ്ങിയവയ്ക്ക് ഇക്കാര്യത്തിൽ സുപ്രധാനമായ പങ്കുവഹിക്കാനുണ്ട്.

14. സംസ്ഥാന അക്കാദമികൾ, ഇൻസ്റ്റിറ്റ്യൂട്ടുകൾ ഇതര സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയ്ക്ക് സ്വയംഭരണാവകാശം കൂടുതൽ ഉറപ്പാക്കണം.

15. ദേശീയ അന്തർദേശീയതലത്തിൽ കേരളസംസ്കാരത്തെ ഉറപ്പിക്കാനും വ്യാപിപ്പിക്കാനുമായി പ്രവർത്തിക്കുന്ന മലയാളിസംഘടനകളെ അവയുടെ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

16. കേരളത്തിലെ സ്ത്രീകൾ തങ്ങളുടെ സർഗശേഷിയും പ്രതിഭയും മൗലികതയും പങ്കാളിത്തവും കൊണ്ട് സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക മണ്ഡലങ്ങളിൽ മാന്യമായ സ്ഥാനം വഹിക്കുന്നുണ്ട്. അവരുടെ സേവനങ്ങൾ തുടർന്നും ഉറപ്പിക്കുന്നതിനും അവരുടെ കാഴ്ചപ്പാടുകളും സംഭാവനകളും സാന്നിധ്യവും പൂർണമായും പ്രയോജനപ്പെടുത്തിക്കൊണ്ട് യഥാർഥമായ സാംസ്കാരികജീവിതം സാധ്യമാക്കിയെടുക്കുന്നതിനും ശ്രദ്ധചെലുത്തണം.

17. മലയാളഭാഷയെ സമസ്ത മേഖലകളിലും സമ്പന്നമാക്കുന്നതിന് ഉദ്ദേശിച്ചുള്ള ശ്രമങ്ങൾ നടത്തണം. സർവകലാശാലകളിലെ പഠനഗവേഷണപ്രവർത്തനങ്ങൾ ഇംഗ്ലീഷിലെന്നപോലെ മലയാളത്തിലും നടത്താനുള്ള സാഹചര്യം ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്.

18. മനുഷ്യവിഭവവികസനത്തിനായി വിഭിന്ന വകുപ്പുകളെ സംയോജിപ്പിക്കുന്ന ഒരു ഉദ്ഗ്രഥിതസമീപനം ആവശ്യമാണ്.

19. ശാസ്ത്രസാങ്കേതിക വിദ്യയുടെ വികാസത്തിനനുസൃതമായി ഭാഷയെ നവീകരിച്ചു കൊണ്ടിരിക്കണം. അച്ചടിയുടെ സൗകര്യത്തിനുവേണ്ടിയാണ് ആയിരത്തിൽപ്പരം ഉണ്ടായിരുന്ന ലിപികൾ അഞ്ഞൂറായി കുറച്ചുകൊണ്ട് ബെഞ്ചമിൻ ബെയ്‌ലി ലിപി പരിഷ്കരണം നടത്തിയത്. ഭരണഭാഷ മലയാളമാക്കിയപ്പോൾ ഉത്തരവുകൾ മലയാളത്തിൽ ടൈപ്പ് ചെയ്യുന്നതിനുവേണ്ടി

യാണ് ശൂരനാട് കുഞ്ഞൻപിള്ളയുടെയും എൻ.വി.കൃഷ്ണവാരിയരുടെയും നേതൃത്വത്തിൽ അടുത്ത ലിപി പരിഷ്കരണം നടന്നത്. കംപ്യൂട്ടറിന് ഭാഷയെ സജ്ജമാക്കാൻ വേണ്ടിയാണ് ഇലക്ട്രോണിക് ടെസ്റ്റ് കംപോസിങിന് ഫൊണിറ്റിക് സിസ്റ്റം ആവിഷ്കരിക്കുക, യൂണികോഡ് സിസ്റ്റത്തിൽ മലയാളത്തെ ഉൾപ്പെടുത്തുക, കംപ്യൂട്ടർ കീബോർഡും ക്യാരക്ടർ എൻകോഡിങ്ങും മാനകീകരിക്കുക, ഇന്റർ കൺവെൻഷൻ സൗകര്യമുള്ള അക്ഷരമാലാ സോഫ്റ്റ്‌വെയർ തയാറാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നിർവഹിച്ചത്. ഇതുപോലെ ശാസ്ത്ര സാങ്കേതിക വിദ്യയുടെ വികാസത്തിന് അനുസൃതമായി ഭാഷയുടെ നവീകരണവും അനുസ്യൂതമായി നടത്തും.

## 3. പ്രവർത്തനപദ്ധതികൾ

1. വൈവിധ്യപൂർണമായ സാംസ്കാരിക ആവിഷ്കാരങ്ങളെ സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും ശ്രമിക്കും. കലയിലും സാഹിത്യത്തിലും ഇതരമേഖലകളിലുമുള്ള സർഗാവിഷ്കാരങ്ങളെ തിരിച്ചറിയാനും അവയുടെ മൂല്യങ്ങളെ ആദരിക്കാനുമുള്ള ഉത്തരവാദിത്വം സംസ്ഥാനം ഏറ്റെടുക്കും. അത്തരം പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ടുകളും സൗകര്യങ്ങളും ഒരുക്കുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

2. ദേശീയതലത്തിലുള്ള സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി എന്നീ ദേശീയ സ്ഥാപനങ്ങളുമായി ഇണങ്ങിനിന്നുകൊണ്ട് സംസ്ഥാനസർക്കാരിന്റെ കീഴിലുള്ള അക്കാദമികളുടെ സ്വയംഭരണാവകാശം നിലനിർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യും.

3. കേരളസംസ്കാരത്തെ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ സുചിന്തിതമായി ആസൂത്രണം ചെയ്യുന്നതിനും മാനദണ്ഡങ്ങളും മാർഗദർശകങ്ങളും നിർദേശിക്കുന്നതിനുമായി വ്യത്യസ്തമേഖലകളിൽനിന്നുള്ള മികച്ച വിദഗ്ധരെ ഉൾപ്പെടുത്തി ഇരുപത്തഞ്ചിൽ കവിയാത്ത അംഗങ്ങളുള്ള സാംസ്കാരിക ഉപദേശ കൗൺസിൽ രൂപീകരിക്കും. സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രതിനിധികൾ, സാംസ്കാരികവകുപ്പ് മന്ത്രി, ചെയർമാൻ, വൈസ് ചെയർമാൻ, കൺവീനർ എന്നിവർ ഈ കമ്മിറ്റിയിൽ ഉൾപ്പെടും. മൂന്നു വർഷ കാലാവധിയിൽ ഉപദേശാധികാരം മാത്രമുള്ള ഈ കൗൺസിലിലേക്കുള്ള അംഗങ്ങളെ സംസ്ഥാനസർക്കാർ നാമനിർദേശം ചെയ്യും. കൗൺസിലിന്റെ ഘടനയും ബന്ധപ്പെട്ട പ്രവർത്തനമേഖലയും സംസ്ഥാനസർക്കാർ രൂപപ്പെടുത്തും.

4. വികസനത്തിൽ സംസ്കാരത്തിന്റെ പങ്ക് നിർണായകമായതിനാൽ അതിനർഹമായ വിധത്തിൽ സാമ്പത്തികനിക്ഷേപവും ആവശ്യമാണ്. സാംസ്കാ

സാംസ്കാരികലയം, സംസ്കൃതി തുടങ്ങിയവയെക്കുറിച്ച് ധാരണയും അവബോധവുമുണ്ടാകാനും ചെറിയ ക്ലാസ്സുകൾ മുതലേ പാഠ്യപദ്ധതിയിൽ സാംസ്കാരികാവബോധം വളർത്തിയെടുക്കുന്ന പാഠങ്ങൾ കൂടുതൽ ഉൾപ്പെടുത്തണം. ഒരു പാഠ്യേതരപരിപാടിയായോ പാഠ്യാനുബന്ധപരിപാടിയായോ അല്ല, പാഠ്യപദ്ധതിയുടെ അവിഭാജ്യഘടകമായി വേണം അത്തരം പാഠങ്ങൾ വരാൻ. പ്രീ പ്രൈമറി-പ്രൈമറി തലത്തിലുള്ള അദ്ധ്യാപകർക്ക് കൈപ്പുസ്തകമായി ഉപയോഗിക്കാൻ പാകത്തിൽ സാംസ്കാരികപാഠങ്ങൾ പുസ്തകരൂപത്തിൽ ലഭ്യമാക്കേണ്ടതാണ്. സമൂഹത്തിന്റെ വാമൊഴി-വരമൊഴി സമ്പത്തുകളെ വിദ്യാഭ്യാസാവശ്യത്തിനായി ഉപയോഗിക്കണം. വിദ്യാഭ്യാസവകുപ്പുമായി സഹകരിച്ചുകൊണ്ട് അതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. സാംസ്കാരികമായി പ്രാധാന്യമുള്ള വിഷയങ്ങളിൽ അവഗാഹമുള്ള വ്യക്തികളെ അവരുടെ വിദ്യാഭ്യാസയോഗ്യതകൾ പരിഗണിക്കാതെ തന്നെ ക്ഷണിച്ചു വരുത്തി സാംസ്കാരികവിദ്യാഭ്യാസത്തെ സമ്പുഷ്ടവും ആകർഷകവുമാക്കേണ്ടതാണ്. സാംസ്കാരികപാരമ്പര്യം തുടർന്നു പോരുന്ന മഹാഗുരുക്കന്മാരെ കണ്ടെത്തി സഹായിക്കുക, അവരിലെ സവിശേഷമായ മാനവശേഷിയെയും പ്രതിഭയെയും സംരക്ഷിക്കുക എന്നീ കാര്യങ്ങളിലും ശ്രദ്ധ പുലർത്തുന്നതാണ്.

9. വളർച്ചയുടെയും വ്യക്തിത്വരൂപീകരണത്തിന്റെയും ആരംഭഘട്ടത്തിൽത്തന്നെ ശാന്തിയുടെയും സമാധാനത്തിന്റെയും അഹിംസയുടെയും സഹിഷ്ണുതയുടെയും സംസ്കാരം കുട്ടികളുടെയും യുവാക്കളുടെയും മനസ്സിൽ ഉറപ്പിച്ചെടുക്കാൻ സാംസ്കാരികമായ പാഠങ്ങൾ പാഠ്യപദ്ധതിയിലും സിലബസിലും നിർബന്ധമായും ഉൾച്ചേർക്കും. അതേ സമയം വിഭാഗീയതയുടെയും സ്പർധയുടെയും ആശയങ്ങൾ ഒരു കാരണവശാലും കടന്നുകൂടാതിരിക്കാനുള്ള ജാഗ്രത പുലർത്തുകയും ചെയ്യും. വർധിച്ചുവരുന്ന സംഘർഷവും പിരിമുറുക്കവും നിറഞ്ഞ സമകാലിക ജീവിതാവസ്ഥയിൽ ആശ്വാസമാകാനും അത്തരം മൂല്യങ്ങളുള്ള സാംസ്കാരിക വിദ്യാഭ്യാസം വഴി സാധിക്കും.

10. കല, സാഹിത്യം, ലളിതകലകൾ, ഫോക്‌ലോർ തുടങ്ങിയ മേഖലകളിൽ ഉന്നതപഠനം നടത്തുന്ന സ്ഥാപനങ്ങളെ സർവകലാശാലകളുമായി ബന്ധപ്പെടുത്തും. കേരളകലാമണ്ഡലത്തെ കേരളത്തിലെ നാടൻ കലകളടക്കമുള്ള കലകളുടെയും അനുബന്ധവിഷയങ്ങളുടെയും ഉന്നതപഠനത്തിനും ഗവേഷണത്തിനുമുള്ള ഒരു സർവകലാശാലയായി വികസിപ്പിക്കും. നിലവിലുള്ള നൃത്ത-സംഗീത-കലാ കോളെജുകളെ ഇതിനു കീഴിലേക്കു കൊണ്ടുവരുന്ന കാര്യം ഗൗരവമായി പരിഗണിക്കും. നാടകം, പാരമ്പര്യപ്രകടനകലകൾ തുടങ്ങിയവയെക്കൂടി ക്രമേണ പഠനവിഷയങ്ങളിൽ ഉൾപ്പെടുത്തും.

11. വിവിധ കേരള കലകൾക്കുള്ള പരിശീലനകേന്ദ്രങ്ങൾ തുടങ്ങും. ഈ രംഗത്തെ സംരംഭങ്ങളുടെയും സംഘടനകളുടെയും ഗുരുക്കന്മാരുടെയും

രികമേഖലയിൽ കൂടുതൽ ശ്രദ്ധയും ആസൂത്രണവും മാത്രമല്ല നിക്ഷേപവും നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. വിശാലമായ സാമൂഹ്യാവശ്യങ്ങളെയും സാംസ്കാരിക ഘടകങ്ങളുടെ ആന്തരികമൂല്യത്തെയും കണക്കിലെടുത്ത് വിപുലമായ നിക്ഷേപങ്ങൾ നടത്തുന്നതാണ്.

5. മുഴുവൻ ജനസമൂഹത്തിന്റെയും കലാവൈദഗ്ധ്യവും ആസ്വാദനവും പരിഗണിക്കുന്ന ഒന്നായാണ് ജനാധിപത്യ സാംസ്കാരികനയം വിഭാവനം ചെയ്തിരിക്കുന്നത്. അതിനാൽ വിദ്യാഭ്യാസ യോഗ്യത, ജാതി, വർഗം, വർണം, ഗോത്രം, ഭാഷ, ലിംഗപദവി, ന്യൂനപക്ഷപദവി തുടങ്ങിയവയ്ക്കെല്ലാം അതീതമായി വ്യക്തിയുടെയും സമൂഹത്തിന്റെയും സർവാത്മനായുള്ള പങ്കാളിത്തം ഉറപ്പാക്കുന്നതിന് നാം പ്രതിജ്ഞാബദ്ധമാണ്. നഗരചത്വരത്തിലോ കേന്ദ്രത്തിലോ സാംസ്കാരികപരിപാടികൾ ഒതുങ്ങിപ്പോകുന്ന ശീലം വിട്ട് നാടിന്റെ ഓരോ നാഡിഞരമ്പിലും അതെത്തിക്കേണ്ടതാണ്. സാംസ്കാരിക അക്കാദമികളുടെ പ്രവർത്തനങ്ങളെ ഈ ദിശാബോധത്തോടെ നയിക്കുന്നതാണ്.

6. വ്യക്തികൾ, സന്നദ്ധസംഘടനകൾ, സഹകരണസ്ഥാപനങ്ങൾ എന്നിവയ്ക്കെല്ലാം സാംസ്കാരിക പ്രവർത്തനങ്ങളിൽ പങ്കുവഹിക്കാനുണ്ട്. സർക്കാരിന്റെ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങളെ സഹകരിപ്പിക്കാനും ഏകോപിപ്പിക്കാനുമുള്ള പരിശ്രമങ്ങളാണ് അഭികാമ്യമെന്ന വീക്ഷണവും ശക്തിയാർജിച്ചു വരികയാണ്. സംസ്കാരം, വിദ്യാഭ്യാസം, യുവജനകാര്യം, സ്പോർട്സ്, വിവരസാങ്കേതികകാര്യം, പട്ടികജാതി-പട്ടികവർഗവികസനം, ടൂറിസം തുടങ്ങിയ വകുപ്പുകളെ സഹകരിപ്പിച്ച് അവയുടെ വിഭവങ്ങളും ഭൗതികസാഹചര്യങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ട് ചരിത്രം, പൈതൃകം, സംസ്കാരം എന്നീ മേഖലകളെ മുന്നോട്ടു നയിക്കുന്ന വിവിധ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതാണ്.

7. പഴയ കോട്ടകൾ, കൊട്ടാരങ്ങൾ, വാസ്തുശിൽപ്പങ്ങൾ, ചരിത്രാവശിഷ്ടങ്ങൾ തുടങ്ങി സമാനമായ സ്ഥലങ്ങൾ സംരക്ഷിച്ചു നിർത്തേണ്ടതാണ്. ചരിത്രപ്രധാനവും സാംസ്കാരികപ്രധാനവുമായ സ്ഥലങ്ങളിൽ നമ്മുടെ സാംസ്കാരികമുദ്രകളുള്ള ഈണങ്ങളും താളങ്ങളും ദൃശ്യസമൃദ്ധിയും സദാ സ്പന്ദിക്കേണ്ടതാണ്. ആകർഷണീയമായ സാഹിത്യം, ഫോട്ടോകൾ, പോസ്റ്റുകാർഡുകൾ, സുവനീറുകൾ തുടങ്ങിയവ ഇത്തരത്തിലുള്ള ഓരോ സ്ഥലത്തും ലഭ്യമാകണം. ബഹുഭാഷാവിദഗ്ധരായ ഗൈഡുകളുടെ സേവനവും ഇവിടങ്ങളിൽ ലഭ്യമാകണം. ടൂറിസം വകുപ്പുമായി സഹകരിച്ച് ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

8. കുട്ടികൾക്കും യുവാക്കൾക്കും നമ്മുടെ പൈതൃകത്തെയും മൂല്യങ്ങളെയും കുറിച്ച് ബോധമുണ്ടാകാനും പരിസ്ഥിതി, സൗന്ദര്യം, സർഗാത്മകത,

സേവനങ്ങളെ വിലയിരുത്തി അംഗീകരിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യും. യുവപഠിതാക്കളെ ഈ മേഖലകളിലേക്ക് ആകർഷിക്കാൻ പ്രത്യേകം ശ്രദ്ധിക്കും. അന്യംനിന്നുകൊണ്ടിരിക്കുന്ന നിലത്തെഴുത്ത് കളരികളെ പുനരുജ്ജീവിപ്പിക്കാൻ കഴിയുമോയെന്ന് പരിശോധിക്കും.

12. പ്രത്യേക വൈദഗ്ധ്യമുള്ള സംഘാടകരെ വളരെയേറെ ആവശ്യമായി വരുമെന്നതിനാൽ സംസ്കാരഭരണനിർവഹണത്തിലും വിഭവവികസനത്തിലും പരിശീലനം നൽകുന്ന പരിപാടികൾ രൂപവൽക്കരിച്ച് നടപ്പാക്കും.

13. ഓഡിറ്റോറിയം, ഓപ്പൺ എയർ തിയറ്റർ, പ്രദർശനശാലകൾ, ആർട്ട് ഗ്യാലറികൾ, കലാപരിശീലനത്തിനും പ്രദർശനത്തിനുമുള്ള വേദികൾ, കലാകാരന്മാർക്കുള്ള താമസസൗകര്യങ്ങൾ തുടങ്ങിയ ഭൗതികസാഹചര്യങ്ങൾ ഒരുക്കാനും വികസിപ്പിക്കാനും ബന്ധപ്പെട്ട വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് പരിശ്രമിക്കും.

14. നാശോന്മുഖമായ കലാസാംസ്കാരികരൂപങ്ങളെ രേഖപ്പെടുത്തി സൂക്ഷിക്കാനുള്ള ഒരു സംസ്ഥാന ഡോക്യുമെന്റേഷൻ സെന്റർ സ്ഥാപിക്കും. ഇതിന് ഇതര ഏജൻസികളുടെയും വകുപ്പുകളുടെയും സഹകരണം ഉറപ്പാക്കും. സമൂഹത്തിലെ വാമൊഴിസാഹിത്യം, ദൃശ്യകലകൾ, പ്രകടനകലകൾ തുടങ്ങിയവ ഇവയിൽ ഉൾപ്പെടുത്തും.

15. മ്യൂസിയങ്ങൾ പഠനകേന്ദ്രങ്ങളായും സർഗാത്മകബോധ്യങ്ങളുടെ ഇടമായും പ്രവർത്തിക്കേണ്ടതുണ്ട്. കുട്ടികളെയും യുവാക്കളെയും സഞ്ചാരികളെയും ആകർഷിക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്തുകൊണ്ട് അവയെ സജീവമാക്കുവാനുള്ള ശ്രദ്ധയും നടപടികളും ഉണ്ടാകും. മ്യൂസിയവും മറ്റു വിദ്യാഭ്യാസ-സാംസ്കാരിക സ്ഥാപനങ്ങളുമായും ബന്ധപ്പെടുത്തുന്നതിനായി ഒരു സംസ്ഥാന സംസ്കാര ഡാറ്റാ ബാങ്ക് സ്ഥാപിക്കും.

16. ചരിത്രപരമായി നിർണായകപ്രാധാന്യമുള്ള പ്രദേശങ്ങളെ പ്രത്യേകമേഖലകളായി പ്രഖ്യാപിച്ച് സംരക്ഷിക്കും. കച്ചവട-വ്യവസായ താൽപ്പര്യങ്ങളിൽനിന്നും നഗരവൽക്കരണപ്രവണതകളിൽ നിന്നും അത്തരം മേഖലകളെ സംരക്ഷിച്ചു നിർത്തും.

17. കുട്ടികളുടെയും യുവാക്കളുടെയും ഇച്ഛാപൂർണമായ പങ്കാളിത്തം വളർത്തിയെടുക്കും വിധം ആകർഷകവും ശ്രദ്ധേയവുമായ പരിപാടികൾ സംസ്ഥാനമൊട്ടാകെ സംഘടിപ്പിക്കുന്നതിന് ഊന്നൽ നൽകും. സമൂഹത്തിന്റെ സാംസ്കാരികവ്യക്തിത്വം യുവാക്കൾക്ക് തിരിച്ചറിയാൻ കഴിയണം. അവയോട് ഐക്യപ്പെടാൻ പറ്റുന്ന തരത്തിൽ സമൂഹത്തിലെവിടെയും മാന്യമായി അവ ദൃശ്യമാകണം.

18. കേരളത്തിലെ സ്ത്രീകളുടെ സർഗശേഷിയും പ്രതിഭയും മൗലികതയും പങ്കാളിത്തവും സാമൂഹിക-സാംസ്കാരിക-സാമ്പത്തികമണ്ഡലങ്ങളിൽ ഉറപ്പിക്കുന്നതിനും അവരുടെ കാഴ്ചപ്പാടുകളും സംഭാവനകളും സാന്നിധ്യവും വികസിപ്പിക്കുന്നതിനും പ്രത്യേകമായ ശ്രദ്ധ പുലർത്തുന്നതാണ്.

19. ഗ്രാമീണമേഖലയിലെ ഫോക്-ട്രൈബൽ കലാകാരന്മാരും തൊഴിലാളികളും ഉണ്ടാക്കുന്ന കലാവസ്തുക്കൾ പ്രോത്സാഹിപ്പിക്കും. എല്ലാ വിഭാഗങ്ങളുടെയും ഉൽപ്പന്നങ്ങൾ പരിഗണിക്കപ്പെടുന്ന കലാവിചാരങ്ങൾ വ്യാപ്തി ലഭിക്കുംവിധം കലാവസ്തുക്കളുടെ പ്രദർശനവിപണനമേളകൾ സംഘടിപ്പിക്കും.

20. പ്രകടനകലകളുടെ കലാദർശനവും തന്ത്രങ്ങളും പകർന്നു നൽകുന്നതിൽ ഗുരുകുലപരിശീലനരീതിക്ക് പ്രധാന പങ്കുണ്ട്. മാറിയ സാഹചര്യത്തിൽ ഈ സമ്പ്രദായം നേരിടുന്ന ബഹുമുഖമായ വെല്ലുവിളികളെ വിശദമായി പരിശോധിച്ച് ഭാവനാപൂർണമായ ആലോചനകളിലൂടെ പരിഷ്കരിക്കേണ്ടതാണ്. നൃത്തം, സംഗീതം, തിയറ്റർ, കളരി തുടങ്ങിയ രംഗങ്ങളിലെ വ്യത്യസ്തമായ രീതികളെയും ശൈലീവല്ലഭരായ ഗുരുക്കൻമാരെയും സഹായിക്കാനും സംരക്ഷിക്കാനും വ്യക്തികളെയും സന്നദ്ധസംഘങ്ങളെയും ഏകോപിപ്പിച്ച് പ്രവർത്തിക്കും. നാശോന്മുഖമായ ശൈലികളെയും ഉപകരണങ്ങളെയും സംരക്ഷിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

21. സംഗീതോപകരണങ്ങൾ, ആഭരണങ്ങൾ, രംഗപ്രയോഗത്തിനുള്ള കോപ്പുകൾ തുടങ്ങിയവയുടെ നിർമാണം സവിശേഷമായ കലാപ്രവർത്തനമാണെങ്കിലും വേണ്ടത്ര പൊതുജനശ്രദ്ധയോ അംഗീകാരമോ ഇനിയും നേടിയിട്ടില്ല. യുവാക്കളെ ഇത്തരം പ്രവൃത്തികളിലേക്കാകർഷിച്ച് അവയെ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കും.

22. ലളിതകലയുടെ വികാസം ത്വരിതപ്പെടുത്തേണ്ടതുണ്ട്. കരിങ്കൽ ശിൽപ്പങ്ങൾ ഉൾപ്പെടെയുള്ള വിവിധ ശിൽപ്പകലാ മാതൃകകൾ അവതരിപ്പിക്കാനും പരിചയപ്പെടുത്താനുമുള്ള അവസരവും സംവിധാനവും ഫൈൻ ആർട്സ് കോളെജുകളിൽ ഉണ്ടായിരിക്കണം. അതിനുതകുന്ന ആർട്ട് ഗ്യാലറികളും വേദികളും നിർമിക്കുന്നതാണ്. ഉത്തര കേരളത്തിൽ ഫൈൻ ആർട്സ് വിദ്യാഭ്യാസ സൗകര്യം ഏർപ്പെടുത്തും.

23. സാംസ്കാരികപാരമ്പര്യത്തിലെ ഒരു പ്രധാനഭാഗമായ നാടോടി ഗോത്രകലകളെ പോഷിപ്പിക്കും. അവയെ പ്രോത്സാഹിപ്പിക്കാനും കലാകാരന്മാരെ ആദരിക്കാനും സഹായിക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

24. കലാകാരന്മാരുടെ മോണോഗ്രാഫുകളും പുസ്തകങ്ങളുടെ പ്രസിദ്ധീകരണവും ദൃശ്യകലകളുടെ പ്രദർശനവും പ്രോത്സാഹിപ്പിക്കും. ദേശീയവും

അന്തർദേശീയവുമായ പ്രദർശനങ്ങൾ നടത്താനുള്ള സംവിധാനങ്ങൾ ഒരുക്കും.

25. സാഹിത്യത്തെക്കുറിച്ചുള്ള മൂല്യവിചാരവും വീക്ഷണവും കൂടുതൽ വിശാലമാകേണ്ടതുണ്ട്. അത്തരം പ്രസിദ്ധീകരണങ്ങളെ പ്രോത്സാഹിപ്പിക്കും.

26. രാജ്യത്തിനകത്തും പുറത്തുമുള്ള പ്രഖ്യാതമായ സ്ഥാപനങ്ങളിൽ എഴുത്തുകാർക്ക് സ്പോൺസർമാർ വഴി പഠനത്തിനും പരിശീലനത്തിനുമുള്ള അവസരങ്ങൾ സൃഷ്ടിക്കും. സർക്കാർ ഏജൻസികളും സഹകരണമേഖലയും ഇതിനാവശ്യമായ സഹായസഹകരണങ്ങൾ നൽകുന്നതാണ്.

27. വിവർത്തനം സുപ്രധാനമായ ഒരു സർഗപ്രവർത്തനമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. വിവർത്തനങ്ങൾ, പ്രത്യേകിച്ചു മലയാളത്തിലേക്കും തിരിച്ചും ഉള്ളവ, പ്രോത്സാഹിക്കപ്പെടണം. വിവർത്തകർക്കായി പഠനപരിശീലന പരിപാടികൾ സംഘടിപ്പിക്കണം. സാഹിത്യ അക്കാദമിയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും വിവർത്തനരംഗത്തു നടത്തിവരുന്ന പ്രവർത്തനങ്ങളെ ഊർജിതപ്പെടുത്തുന്നതോടൊപ്പം വിവിധ സർവകലാശാലകളെയും ഈ രംഗത്തു ശ്രദ്ധ ചെലുത്താൻ പ്രേരിപ്പിക്കുന്നതാണ്.

28. വൈദേശിക എഴുത്തുകാരെയും ഭാഷാപണ്ഡിതരെയും ആകർഷിച്ച് മലയാളം പഠിക്കാനുള്ള പദ്ധതികളാവിഷ്കരിക്കുകയും അതുവഴി മലയാള രചനകൾ അവരുടെ ഭാഷകളിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കാനുള്ള സാധ്യതകൾ പഠിക്കുകയും പ്രായോഗികപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും വേണം. സാംസ്കാരികവകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളോടൊപ്പം സർവകലാശാലകൾക്കും ഇതിൽ പങ്കുവഹിക്കാനാകും. വിവിധ സർവകലാശാലകളുമായി കൈകോർത്ത് മലയാളപഠനത്തിൽ താൽപ്പര്യമുള്ള വിദേശികൾക്കായി സ്കോളർഷിപ്പും ഫെല്ലോഷിപ്പും ഏർപ്പെടുത്താൻ ശ്രമിക്കും. മലയാള ഭാഷയ്ക്ക് സ്തുത്യർഹമായ സംഭാവന നൽകുന്ന വിദേശികൾക്ക് ഗുണ്ടർട്ടിന്റെ പേരിൽ പുരസ്കാരം നൽകി ആദരിക്കും.

29. വിദേശ വിദ്യാർഥികളെ ആകർഷിക്കുവാൻ നമ്മുടെ സർവകലാശാലകൾക്കു കഴിയണം. സാംസ്കാരികമായ വികാസത്തിനു മാത്രമല്ല അന്തർദേശീയബന്ധങ്ങൾ വളർന്നുവരാനും ഇത് സഹായകമാകും. വിദ്യാഭ്യാസവകുപ്പുമായി സഹകരിച്ച് ഈ വീക്ഷണത്തോടെയുള്ള നടപടികൾ ആസൂത്രണം ചെയ്യുന്നതാണ്.

30. വ്യത്യസ്ത ധാരകളിൽപ്പെട്ട നാടകവേദികളെ പ്രോത്സാഹിപ്പിക്കും. കുട്ടികളുടെ നാടകവേദി സജീവമായി ഉണ്ടാകണം.

31. ആധുനികകാലത്തിന്റെ കലയായി സിനിമ അംഗീകാരം നേടിക്കഴിഞ്ഞിരിക്കുന്നു. മനുഷ്യമനസ്സിനെ ഗുണാത്മകമായി സ്വാധീനിക്കുന്ന എല്ലാ സിനിമകളും പ്രോത്സാഹിപ്പിക്കും. ചലച്ചിത്രവികസന കോർപ്പറേഷൻ ഇതിന് മുൻകയ്യെടുക്കും.

32. സംസ്ഥാന ജില്ലാതലങ്ങളിൽ ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കും. പ്രവർത്തനരഹിതമായ വായനശാലകളെ പുനരുദ്ധരിക്കും. ലൈബ്രറി സെസ്സ് ഒരു ശതമാനമാക്കി നിജപ്പെടുത്തിക്കൊണ്ട് ലൈബ്രറികൾക്ക് ഇന്ന് ലഭിക്കുന്ന തുക കുറവ് വരുത്താതെ സെസ്സിൽ അധികമായി ലഭിക്കുന്നത് സാംസ്കാരിക വകുപ്പിന് നൽകണം.

33. നവമാധ്യമങ്ങളെ പ്രോത്സാഹിപ്പിക്കും. റേഡിയോ, ടി.വി, സിനിമ, ഇന്റർനെറ്റ് തുടങ്ങിയവ സാംസ്കാരികവിനിമയത്തിൽ സുപ്രധാനങ്ങളാണ്. ഈ രംഗങ്ങളിൽ ആസ്വാദനബോധത്തിന്റെ മുരടിപ്പ്, മൂല്യച്യുതി, ബഹുജനങ്ങളുടെ പങ്കാളിത്തരാഹിത്യം തുടങ്ങിയവ ചെറുക്കാനുള്ള ശ്രമങ്ങൾക്കു നേതൃത്വം കൊടുക്കും. സാംസ്കാരികവിനിമയത്തിൽ വെബ്സൈറ്റുകൾക്ക് പ്രധാന പങ്കുണ്ട്. നേരത്തെ പറഞ്ഞ ഡോക്യുമെന്റേഷൻ സെന്റർ ഇക്കാര്യത്തിൽ ശ്രദ്ധിച്ച് പ്രവർത്തിക്കും.

34. നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട സാംസ്കാരികവിഭവമാണ് മലയാളഭാഷ. നമ്മുടെ ഭാഷയുടെ വികാസത്തിനായി ദൃഢനിശ്ചയത്തോടെ യത്നിക്കുവാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മാതൃഭാഷയുടെ പുരോഗതിക്കായി വിദ്യാഭ്യാസവകുപ്പുമായും മറ്റ് ഏജൻസികളുമായും ചേർന്ന് എല്ലാ വിധത്തിലുള്ള ശ്രമങ്ങളും നടത്തുന്നതാണ്. മലയാളത്തെ വളർത്തുക, മറ്റു ഭാഷകളെ പ്രയോജനപ്പെടുത്തുക, എന്നതാണ് നമ്മുടെ ഭാഷാനയത്തിന്റെ സത്ത.

35. ഭാഷാചിന്ത, സാഹിത്യ-സൗന്ദര്യശാസ്ത്രചിന്ത, കേരളസംസ്കാരപഠനം, വിവരസാങ്കേതികവിദ്യ വികാസത്തിനായുള്ള പഠനഗവേഷണങ്ങൾ എന്നിവ മലയാള സർവകലാശാലയുടെ ദൗത്യമായിരിക്കും.

36. മലയാളഭാഷാവികാസത്തിനാവശ്യമായ ഊന്നൽ നൽകാൻ നിലവിലുള്ള സർവകലാശാലകളിലെ ഇതരഭാഷാപഠനവിഭാഗങ്ങൾക്കും ശാസ്ത്ര-വൈജ്ഞാനിക പഠനവിഭാഗങ്ങൾക്കും ഉത്തരവാദിത്വമുണ്ട്. സർവകലാശാലാതലത്തിലുള്ള ഗവേഷണഫലങ്ങളും പഠനങ്ങളും മലയാളത്തിൽ ആവിഷ്കരിക്കാനും പ്രസിദ്ധീകരിക്കാനും ശ്രദ്ധയുണ്ടാകും.

37. ഭരണ ഭാഷയും കോടതി ഭാഷയും പൂർണമായും മലയാളത്തിലാക്കും. ഭരണപരമായ മേഖലകളിലെപ്പോലെ അക്കാദമികമായ സമസ്ത മേഖലകളിലും മലയാളത്തിന് പ്രവേശനവും പ്രാധാന്യവും നൽകുവാൻ വേണ്ട നിർദേശ

ങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. സർക്കാർ ഏജൻസികൾ നടത്തുന്ന സെമിനാറുകൾ, പ്രസിദ്ധീകരിക്കുന്ന ലഘുലേഖകൾ, കത്തുകൾ, നോട്ടീസുകൾ എന്നിവയിലെല്ലാം മലയാളവും ഉപയോഗിക്കേണ്ടതാണ്.

38. ദേശീയവും അന്തർദേശീയവുമായ വിനിമയങ്ങൾക്കുള്ള മാധ്യമമെന്ന നിലയിൽ ഇംഗ്ലീഷിനെ കണക്കിലെടുക്കുമ്പോൾത്തന്നെ മലയാളത്തിന് ആകാവുന്നത്ര പരിഗണനയും പ്രാധാന്യവും കൊടുക്കാനാണ് ഈ സാംസ്കാരിക നയം ഊന്നൽ നൽകുന്നത്. നമ്മുടെ സാംസ്കാരികജീവിതത്തിൽ ചരിത്രപരമായി കണ്ണിചേർന്നിട്ടുള്ള വിവിധ ഭാഷകളെ തുടർന്നും സംബോധന ചെയ്യാനും അവയെ മലയാളഭാഷയുടെയും സംസ്കാരത്തിന്റെയും ആത്മസത്തയോട് ചേർത്തുനിർത്താനുമാണ് താൽപ്പര്യപ്പെടുന്നത്.

39. സിവിൽ സർവീസിൽ നിന്ന് ഓരോ സംസ്ഥാനങ്ങളിലേക്കും നിയമിക്കപ്പെടുന്നവർ തദ്ദേശ ഭാഷ പഠിക്കണമെന്ന് നിർബന്ധമുള്ളപോലെ മലയാളഭാഷാ പരിജ്ഞാനം കേരളത്തിലെ സർക്കാർ ജോലികൾക്കുള്ള അനിവാര്യയോഗ്യതകളിലൊന്നായി പരിഗണിക്കുവാനുള്ള ആലോചനകൾ ഈ നയം മുന്നോട്ടുവയ്ക്കുന്നു. എഞ്ചിനീയറിങ്, വിവരസാങ്കേതികവിദ്യ, മെഡിസിൻ എന്നിങ്ങനെ പൊതുപരീക്ഷകളിലൂടെ പ്രവേശനം നടത്തുന്ന കോഴ്സുകൾക്ക് മലയാളമാധ്യമത്തിലും ചോദ്യങ്ങൾ ലഭ്യമാക്കണമെന്ന് ഈ നയം നിർദേശിക്കുന്നു. മലയാളത്തിൽ ഉത്തരമെഴുതാനുള്ള അവകാശവും വിദ്യാർഥികൾക്ക് ഉണ്ടായിരിക്കണം.

40. വ്യത്യസ്ത കലാരൂപങ്ങളുടെ പഠനത്തിനു വേണ്ടിയുള്ള കേന്ദ്രം സ്ഥാപിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. കലാരൂപങ്ങളുടെ പ്രദർശനവും പ്രകടനവും ലൈബ്രറിയും മ്യൂസിയവും ഉൾപ്പെടുന്ന ഒരു സാംസ്കാരികഗ്രാമം സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കും.

41. വിഭിന്നങ്ങളായ സാംസ്കാരിക സംഘടനകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും വിലയിരുത്താനുമായി സാംസ്കാരിക ഡയറക്ടറേറ്റിന്റെ പ്രവർത്തനമേഖല വിപുലീകരിക്കും.

42. പ്രവാസി മലയാളികളുടെ സർഗാത്മക വാസനകൾ വളർത്താനും അവരുടെ കുട്ടികളെ മലയാളം പഠിപ്പിക്കാനും മിഷൻ മലയാളത്തിന്റെ പ്രവർത്തനം വിപുലീകരിക്കും.

43. സ്കൂളുകളിൽ കലാ-കരകൗശലരംഗങ്ങളിൽ വിദ്യാർഥികൾക്ക് പരിശീലനം നൽകുന്നതിനായി അധ്യാപകരെ നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കും.

44. ഈ നയം അഞ്ചുവർഷത്തിലൊരിക്കലെങ്കിലും പുനഃപരിശോധിക്കപ്പെടണം. സർക്കാർ നേരിട്ടോ സാംസ്കാരികോപദേശകസമിതി മുഖേനയോ ഏതെങ്കിലും വിദഗ്ധസമിതി വഴിയോ വിലയിരുത്തൽ നടത്തി സാംസ്കാരിക പ്രവർത്തനങ്ങൾ കാലികമായ നിശ്ചയവും മൂർത്തതയും ഉണ്ടാക്കേണ്ടതാണ്.

കൂടെക്കൂടെയുള്ള അഭിപ്രായ ചാഞ്ചാട്ടങ്ങളെ ഒഴിവാക്കാനും ചലനാത്മകത നിലനിർത്താനും അതുവഴി സാധ്യമാവും.

## ഉപസംഹാരം

സംസ്കാരം സൃഷ്ടിക്കുന്നതും കാത്തുസംരക്ഷിക്കുന്നതും കാലോചിതമായി പരിണമിപ്പിക്കുന്നതും പരിവർത്തിപ്പിക്കുന്നതും ജനങ്ങളാണ്. ജീവിതത്തിന്റെ സമസ്തമേഖലകളെയും ബന്ധിപ്പിച്ചും സമന്വയിപ്പിച്ചും സമൂഹത്തിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ നിന്നാണ് സാംസ്കാരിക ധാരകൾ ഉറവ പൊട്ടുന്നത്. സ്വാതന്ത്ര്യം, ജനാധിപത്യം, സമത്വം, സാഹോദര്യം, മാനവീകത എന്നിങ്ങനെ മനുഷ്യവംശം കാലങ്ങളിലൂടെ സ്വാംശീകരിച്ചെടുത്ത മൂല്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് അത്തരം പ്രവാഹങ്ങൾക്ക് അവയുടെ സ്വാഭാവികതയിൽ വളരാനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നതാണ് ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന സർക്കാരുകൾക്ക് ചെയ്യാനുള്ളത്. ഇതാണ് ഈ സർക്കാരിന്റെ സാംസ്കാരിക നയത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും.